**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് റിസർച്ച് സെന്ററിന് ഗവേഷണ കേന്ദ്ര പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസ് അക്കാദമിയിലെ പോലീസ് റിസർച്ച് സെന്ററിന്, 29.07.2024- ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ ഉത്തരവ് (U.O.No. 11659/2024/Admn) പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഗവേഷണ കേന്ദ്രമാക്കിക്കൊണ്ടുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള പോലീസ് അക്കദമി ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന പോലീസ് റിസർച്ച് സെന്റർ, അക്കാദമി ഗ്രന്ഥശാല, തൃശ്ശൂർ റീജിയണൽ ഫോറൻസിക്ക് സയൻസ് ലബോറട്ടറി എന്നിവ ഉൾപ്പടെയുള്ള ഭൗതിക സൗകര്യങ്ങൾ പരിഗണിച്ച് യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ് 29.07.2024 ഉത്തരവ് പ്രകാരം കേരള പോലീസ് അക്കാദമിയെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മൾട്ടി ഡിസിപ്ലിനറി ഗവേഷണ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ട്. കേരള പോലീസ് അക്കാദമി ക്യാമ്പസ്സിന് അകത്തുള്ള പോലീസ് റിസർച്ച് സെന്ററിനെ മാത്രം ഒരു സ്വതന്ത്ര ഗവേഷണ കേന്ദ്രമാക്കിയുള്ള അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) | പോലീസ് റിസർച്ച് സെന്ററിലെ ഗവേഷണ ഗൈഡായി പരിഗണിക്കുവാനായി പോലീസ് സേനയിലെ എത്ര അംഗങ്ങളുടെ യോഗ്യത സർട്ടിഫിക്കറ്റുകളാണ് സമർപ്പിച്ചത്; ഈ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ് U.O No. 11659/2024/Admn dated 29.07.2024 ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ച മൾട്ടി ഡിസിപ്ലീനറി ഗവേഷണ കേന്ദ്രമായ കേരള പോലീസ് അക്കാദമിയിലേയ്ക്ക് ഗവേഷണ ഗൈഡുകളായി അംഗീകാരം ലഭിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡയറക്ടറേറ്റ് ഓഫ് റിസർച്ചിന് സമർപ്പിച്ച Ph.D യോഗ്യതയുള്ള കേരള പോലീസ് അക്കാദമിയിലെയും തൃശ്ശൂർ റീജിയണൽ ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിലേയും 6 അംഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത സെന്ററിൽ ഇതുവരെ എത്ര ഗവേഷണങ്ങൾ, ഏതെല്ലാം വിഷയങ്ങളിലാണ് ആരംഭിച്ചതെന്ന് വിശദീകരിക്കുമോ; | (സി) | പോലീസ് റിസർച്ച് സെന്ററിൽ ഇതുവരെ ഗവേഷണം ആരംഭിച്ചിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച് കേരള പോലീസും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | പെലീസ് റിസർച്ച് സെന്ററും യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. എന്നാൽ കേരള പോലീസ് അക്കാദമിയും യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റും തമ്മിൽ 29.07.2019 -ൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ കാലാവധി (5 വർഷം) 29.07.2024 -ന് അവസാനിച്ചു. 2024-26 |

| | | | |
|---|---|---|---|
| | | | അധ്യായന വർഷത്തിൽ പോലീസ് സേനാംഗങ്ങൾ ആരും തന്നെ യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റിന്റെ എം.എസ്.സി ഫോറൻസിക് സയൻസ് പ്രോഗ്രാമിൽ ജോയിൻ ചെയ്തിട്ടില്ല. കഴിഞ്ഞ 5 വർഷം കൊണ്ട് ഈ ധാരണാപത്രം പ്രകാരം പോലീസ് വകുപ്പിനുണ്ടായനേട്ടങ്ങളെക്കുറിച്ച് വിശകലനം ചെയ്തു വരുന്നു. |
| (ഇ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2024-26 അദ്ധ്യയന കാലത്തേയ്ക്കുള്ള എം. എസ് സി (ഫോറൻസിക് സയൻസ്) കോഴ്സിൽ, കേരളാ പോലീസ് അക്കാദമിയിലെ എത്ര പോലീസ് സേനാംഗങ്ങൾ ചേർന്നിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; പോലീസ് സേനാംഗങ്ങൾ ചേർന്നിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | പേലീസ് റിസർച്ച് സെന്ററും യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. എന്നാൽ കേരള പോലീസ് അക്കാദമിയും യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റും തമ്മിൽ 29.07.2019 -ൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ കാലാവധി (5 വർഷം) 29.07.2024 -ന് അവസാനിച്ചു. 2024-26 അധ്യായന വർഷത്തിൽ പോലീസ് സേനാംഗങ്ങൾ ആരും തന്നെ യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റിന്റെ എം.എസ്.സി ഫോറൻസിക് സയൻസ് പ്രോഗ്രാമിൽ ജോയിൻ ചെയ്തിട്ടില്ല. കഴിഞ്ഞ 5 വർഷം കൊണ്ട് ഈ ധാരണാപത്രം പ്രകാരം പോലീസ് വകുപ്പിനുണ്ടായനേട്ടങ്ങളെക്കുറിച്ച് വിശകലനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

# Annexure

| Sl No. | Name of the officer from KEPA/ Police Dept., Kerala | Unit /Department | Ph.D Subject |
|---|---|---|---|
| 1 | Dr. Jimil George | Senior Instructor, Forensic Science, Kerala Police Academy | Chemistry |
| 2 | Dr. Vinod Kumar P.N | Gr. ASI, DVR, Police Research Center, Kerala Police Academy | Sociology |
| 3 | Dr. Simi S. | Assistant Director (Physics), RFSL, Thrissur | Physics |
| 4 | Dr. Ani V. | Assistant Director (DNA), RFSL, Thrissur | Biochemistry |
| 5 | Dr. Aneesh P.K | Scientific Officer (Chemistry), RFSL, Thrissur | Chemistry |
| 6 | Dr. Asha Krishnan K | Scientific Officer (Chemistry ), RFSL, Thrissur | Chemistry |